KSACS

Kerala State AIDS Control Society
Red Cross Road
Thiruvananthapuram -695035
www.keralaaids.com

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: sacs_kerala@nacoindia.org

**06.05.2009**

# എസ്എസ്എൽസി ഫലം സൗജന്യ എസ്എംഎസിലൂടെ

**തിരുവനന്തപുരം:** എസ്എസ്എൽസി ഫലം സൗജന്യ എസ്എംസിലൂടെ അറിയാൻ സംവിധാനം. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും വിദ്യാഭ്യാസ വകുപ്പും ഐ.ടി അറ്റ് സ്കൂളും ചേർന്ന് ഒരുക്കുന്നതാണ് ഈ സംവിധാനം.

എസ്എസ്എൽഎസി ഫലം അറിയാൻ ആഗ്രഹിക്കുന്നവർ 9496500100 എന്ന നമ്പരിലേക്ക് രജിസ്ടർ നമ്പർ ടൈപ്പ് ചെയ്ത് എസ്എംഎസ് അയച്ചാൽ ഔദ്യോഗിക ഫല പ്രഖ്യാപനം കഴിഞ്ഞാലുടൻ തന്നെ അവരവരുടെ മൊബൈൽ നമ്പരിൽ വിശദമായ ഫലം ലഭ്യമായി തുടങ്ങും. വിദ്യാർഥികൾക്ക് ഇന്നു മുതൽ തന്നെ രജിസ്ട്രർ നമ്പർ എസ്എംഎസ് അയച്ചു തുടങ്ങാവുന്നതാണ്.

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ വെബ്സൈറ്റായ www.ksacs.inൽ കൂടിയും വിദ്യാർഥികൾക്ക് രജിസ്റ്റർ നമ്പർ രജിസ്റ്റർ ചെയ്യാവുന്നതാണ്. സ്വകാര്യ മൊബൈൽ കമ്പനികൾ മൂന്ന് മുതൽ ആറു രൂപ വരെ എസ്എംഎസ് ഫലത്തിന് ഈടാക്കുമ്പോഴാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ഫലം സൗജന്യമായി നൽകുന്നത്. കഴിഞ്ഞ സംസ്ഥാന സ്കൂൾ യുവജനോത്സവ ഫലങ്ങൾ ഇതേ രീതിയിൽ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പൊതുജനങ്ങൾക്ക് നൽകിയത് മികച്ച പ്രതികരണമാണ് സൃഷ്ടിച്ചത്. ഇതിന്റെയടിസ്ഥാനത്തിലാണ് എസ്എസ്എൽസി ഫലവും എസ്എംഎസിലൂടെ നൽകുന്നത്.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**